# കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ - റിപ്പോർട്ട്

## അളഗപ്പനഗർ CDS

ലോകമെങ്ങും ആധിയും മരണവും വിതച്ച് നീങ്ങുകയാണ് കൊറോണ വൈറസ്. കേരളം ഇപ്പോൾ കോവിഡ് -19 ന്റെ മൂന്നാം വരവ് നേരിടുകയാണ്. ആദ്യരണ്ട് ഘട്ടങ്ങളേയും ഫലപ്രദമായി നേരിട്ട സംസ്ഥാനമാണ് കേരളം. സർക്കാരും ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും കേരളത്തിലെ മുഴുവൻ ജനങ്ങളും ആ പോരാട്ടത്തിന് നേതൃത്വം നൽകിയവരാണ്. കോവിഡ് പ്രതിരോധത്തിൽ കുടുംബശ്രീ വഹിച്ച പങ്ക് വലുതുതാണ്. സാമ്പത്തിക പ്രയാസം നേരിടുന്നതിന് മുഖ്യമന്ത്രി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പലിശ രഹിത വായ്പ ലഭ്യമാക്കുന്നത് കുടുംബശ്രീ വഴിയാണ്. 20 രൂപക്ക് ഭക്ഷണ നൽകാൻ 367 ജനകീയ ഹോട്ടലുകൾ ആരംഭിച്ചു. 28.5 ലക്ഷം മാസ്കും 4783 ലിറ്റർ സാനി റ്റൈസറും ഉത്പാദിപ്പിച്ചു. 19.65 ലക്ഷം ഫെയ്സ്ഷേഡും തുണി സഞ്ചിയും നിർമ്മി ച്ചു. കുടുംബശ്രീയുടെ 2200 റിസോഴ്സ് പേഴ്സൺമാർ ഈ ഘട്ടത്തിൽ സജീവ പ്രവർത്തനവുമായി രംഗത്തിറങ്ങി. ഇത്തരത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ സർക്കാരിനൊപ്പം തന്നെയുണ്ട്. എല്ലാ കുടുംബശ്രീ സംവിധാന ങ്ങളും ഫലപ്രദമായി ചലിപ്പിക്കൽ നമുക്ക് സാധിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ കുടുംബശ്രീ സി.ഡി.എസും ഇത്തരത്തിൽ പ്രതി രോധ പ്രവർത്തനങ്ങളിൽ സജീവ ഇടപ്പെട്ട സി.ഡി.എസാണ്. കോവിഡ് -19 കാലത്തെ അളഗപ്പ നഗർ കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടാണ് ഇവിടെ നൽകുന്നത്. 246 അയൽ കൂട്ടങ്ങളിലായി 3395 പേരുടെ കൂട്ടായ്മയാണ് അളഗപ്പനഗറിലെ കുടുംബശ്രീ. കോവിഡ്-19 2-ാം തവണ റിപ്പോർട്ട് ചെയ്യപ്പെട്ട മാർച്ച് മാസം മുതൽ ആരോഗ്യ വകുപ്പിനോടും പഞ്ചായത്തിനോടും സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സി.ഡി.എസ് ന് സാധിച്ചി ട്ടുണ്ട്. പഞ്ചായത്ത് തലത്തിലും വാർഡ് തലങ്ങളിലും സംഘടിപ്പിച്ച കൊറോണ ബോധവൽക്കരണ പരിപാടികളിൽ പ്രദേശത്തെ മുഴുവൻ അയൽക്കൂട്ടാംഗങ്ങ ളേയും പങ്കെടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ആദ്യഘട്ട പ്രവർത്തനങ്ങൾ എന്ന നിലയക്ക് സാമൂഹ്യമാധ്യമങ്ങൾ വഴി ആശയ പ്രചരണങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ നിലവിലു

ണ്ടായിരുന്നു സി.ഡി.എസ് - എ.ഡി.എസ് ഗ്രൂപ്പുകളിലൂടെയായിരുന്നു പ്രചരണങ്ങൾ എങ്കിൽ എല്ലാ അയൽക്കൂട്ടങ്ങളോടും ഇത്തരത്തിൽ ഗ്രൂപ്പുകൾ ഉണ്ടാക്കാൻ നിർദ്ദേശിക്കുകയും അതിലൂടെ സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശങ്ങൾ ഇടതടവില്ലാതെ പ്രചരിപ്പിക്കുകയും ചെയ്തു. സർക്കാർ പ്രഖ്യാപിച്ച Break The Chain Campaign ഫലപ്രദമാക്കാൻ ഒരു പരിധി വരെ ഇത്തരത്തിൽ സാധിച്ചിട്ടുണ്ട്. എല്ലാ അയൽക്കൂട്ടാംഗങ്ങളോടും വീടുകളിൽ കൈകഴുകാനുള്ള സൗകര്യം ഒരുക്കാൻ ആവശ്യപ്പെട്ടു. തങ്ങളുടെ പ്രദേശത്തെ പൊതുകേന്ദ്രങ്ങളിൽ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ കൈകഴുകാൻ സംവിധാനം ഒരുക്കാൻ ആവശ്യപ്പെട്ടു. ഇത്തരത്തിൽ 12 ഇടങ്ങളിലായി കുടുംബശ്രീ പ്രവർത്തകർ നേരിട്ട് കൈകഴുകാൻ സംവിധാനങ്ങൾ ഒരുക്കി.

3580 മാസ്ക്കുകൾ വിവിധ യൂണിറ്റുകളിലായി നിർമ്മിച്ച് വിതരണം ചെയ്തു. വിവിധ യൂണിറ്റുകളിലായി 3800 തുണിസഞ്ചികൾ തയിച്ച് സപ്ലൈക്കോ ക്ക് നൽകി. ആശ്രയ ഗുണഭോക്താക്കൾക്കുള്ള കിറ്റുകൾ കുടുംബശ്രീ പ്രവർത്തകർ നേരിട്ട് വീട്ടിലെത്തിച്ച് നൽകുകയാണ് ഉണ്ടായത്. ലോക്ക്ഡൗൺ സമയത്ത് മരുന്നുകൾ വാങ്ങാൻ ബുദ്ധിമുട്ടിയവർക്ക് മരുന്നുകൾ നേരിട്ട് വീട്ടിലെത്തിച്ച് നൽകി. ആശ്രയ ഗുണഭോക്താക്കളുടെ ക്ഷേമം അന്വേഷിച്ച് ഓരോ ദിവസവും റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട സി.ഡി.എസ് മെമ്പർമാർക്ക് നിർദ്ദേശം നൽകി. കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ ലോക്ക്ഡൗൺ കാലത്ത് അടിയന്തിര സാഹചര്യങ്ങൾ ഉണ്ടായാൽ പ്രശ്നപരിഹാരത്തിന് ബന്ധപ്പെട്ടവർ കുടുംബശ്രീ ചെയർപേഴ്സൺ കൺവീനറും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും 5 സബ്ബ്കമ്മിറ്റി കൺവീനർമാരേയും ഉൾപ്പെടുത്തി പരിഹാര സമിതിയ്ക്ക് ഈ ഘട്ടത്തിൽ രൂപം നൽകുകയുണ്ടായി.

ബാലസഭ കുട്ടികൾക്ക് ജില്ലാതലത്തിൽ സംഘടിപ്പിച്ച മത്സരങ്ങളിൽ സി.ഡി.എസിൽ നിരവധി കുട്ടികൾ സമ്മാനാർഹരായി. ലോക ഭൗമദിനത്തിൽ 9-ാം വാർഡിൽ ബാലസഭ കുട്ടികളുടെ നേതൃത്വത്തിൽ ബാലകൃഷിയും ആരംഭിച്ചു. വയോജനങ്ങൾക്കായി സംഘടിപ്പിച്ച ''ഇന്നലകളിലേക്ക് ഒരു യാത്ര'' ക്യാമ്പയിനുകളുടെ ഭാഗമായി 6 രചനകൾ ലഭിച്ചു.

ലോക്ക്ഡൗൺ കാലത്ത് അശരണർക്ക് ഭക്ഷണം എത്തിക്കാൻ തദ്ദേശസ്വയഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചനിലും സജീ

വസാന്നിധ്യമായിരുന്നു അളഗപ്പയിലെ കുടുംബശ്രീ പ്രവർത്തകർ. അളഗപ്പ ഗവ. സ്കൂളിൽ മാർച്ച് 27 ന് ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചനിൽ കുടുംബശ്രീ ചെയർപേഴ്സൺ ദിപയുടെ നേതൃത്വത്തിൽ 4 കുടുംബശ്രീ പ്രവർത്തകരാണ് രാപ്പകലില്ലാതെ സേവനം ചെയ്തത്. ദിവസേന 100ലധികം ഭക്ഷണപ്പൊതികളാണ് കമ്മ്യൂണിറ്റി കിച്ചനിലൂടെ വിതരണം ചെയ്തിരുന്നത്. തുടർന്ന് ഏപ്രിൽ 18 ന് ആമ്പല്ലൂരിൽ ജനകീയ ഹോട്ടൽ ആരംഭിച്ചു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ഇപ്പോൾ ദിവസേന 100 പൊതിച്ചോറുകൾ 20 രൂപ നിരക്കിൽ ഇവിടെ നിന്ന് വിതരണം ചെയ്യുന്നുണ്ട്. ജനകീയ ഹോട്ടലിന്റെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് 3 ലക്ഷം രൂപ മാറ്റി വെച്ചിട്ടുണ്ട്.





മുഖ്യമന്ത്രി പ്രഖ്യാപിച്ച കുടുംബശ്രീ വഴിയുള്ള ധവസഹായത്തിനായി ഇതുവരെ 195 അയൽക്കുട്ടങ്ങൾ അപേക്ഷിച്ചിട്ടുണ്ട്. 17790000 രൂപയുടെ അപേക്ഷയാണ് 2094 അംഗങ്ങളിൽ നിന്ന് ലഭിച്ചത്. ഇതിൽ നിന്നും 73 അയൽക്കൂട്ടങ്ങൾക്ക് 650000 രൂപയാണ് ഇതുവരെ പാസായിട്ടുള്ളത്.

മുഖ്യമന്ത്രിയുടെ സന്നദ്ധസേനയിലേക്ക് അളഗപ്പനഗർ സി.ഡി.എസിൽ നിന്നും 90 പേരാണ് രജിസ്റ്റർ ചെയ്തത്. കുടുംബശ്രീ ജില്ലാ മിഷൻ സംഘടിപ്പിച്ച പാചകമത്സരത്തിലും സജീവ പങ്കാളിത്തം അളഗപ്പനഗർ സി.ഡി.എസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. സപ്ലൈക്കോയിൽ നടന്ന സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കിറ്റ് പാക്കിങ്ങിനായി 10 പേർ വീതം മുഴുവൻ ദിവസങ്ങളിലും ഉണ്ടായിരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്നവർക്ക് പഞ്ചായത്ത് ഒരുക്കിയ ക്വാറന്റീൻ കേന്ദ്രത്തിലേക്ക് ഭക്ഷണം എത്തിച്ചതും ജനകീയ ഹോട്ടലിൽ നിന്നാണ്.

കോവിഡ് – 19 പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അളഗപ്പനഗർ സി.ഡി.എസ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്. കൊറോണയുടെ പ്രതിസന്ധിയിൽ നാം ഇപ്പോഴും പോരാട്ടം തുടർന്നുകൊണ്ടിരിക്കുകയാണ്. കൊറോണയോടൊപ്പം ജിവിക്കേണ്ട അവസ്ഥയാണ് ലോകത്തിന് ഇന്ന്. ലോകാരോഗ്യ സംഘടനയും ഇത് സൂചിപ്പിച്ചുകഴിഞ്ഞു. കൊറോണയുടെ ഈ മൂന്നാം വരവിനേയും നാം നേരിടും. ഇടതടവില്ലാതെ പോരാട്ടം നാം തുടരും. അത്തരം പ്രവർത്തനങ്ങളിൽ സർക്കാരിനൊപ്പം 22-ാം വാർഷികം ആചരിക്കുന്ന ഈ വേളയിൽ കുടുംബശ്രീയും പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കും.






**നിർദ്ദേശങ്ങൾ**

- ♦ കോവിഡും പ്രളയവും പോലുള്ള ദുരന്തമുഖത്ത് ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന കുടുംബശ്രീയുടെ ദ്രുതകർമ്മസേനകൾക്ക് രൂപം നൽകാൻ കഴിയണം. ഉപ്പോൾ നിലവിലുള്ള ജാഗ്രത സമിതികളിലെ ഊർജ്ജസ്വലരായ 50 വയസിനു താഴെയുള്ള ആളുകളെ ഉൾപ്പെടുത്തി ഇത് പ്രാവർത്തികമാക്കാം. ഇവർക്ക് പരിശീലനം നൽകുക എന്നതാണ് പ്രധാന കർത്തവ്യം. മുഖ്യമന്ത്രിയുടെ സന്നദ്ധസേനയിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളെ ഇതിനായി ഉപയോഗിക്കാം

- ♦ കോവിഡ് സൃഷ്ടിച്ച അനിശ്ചിതത്വത്തിൽ നിന്ന് എളുപ്പത്തിൽ കരകയറുക അസാധ്യമാണ്. അത് സംരംഭകരിൽ സൃഷ്ടിച്ച സാമ്പത്തികാഘാതവും ചെറുതല്ല. ഈ സാഹചര്യത്തിൽ കുടുംബശ്രീ സംരംഭകർക്ക് നൽകുന്ന CEF ഫണ്ടിന്റെ പരിധി ഉയർത്തി സംരംഭങ്ങളുടെ പുനരുദ്ധാരണത്തിൽ സഹായകമാക്കേണ്ടതാണ്. നിലവിൽ CEF ഉള്ള സംരംഭങ്ങൾക്ക് സഹായകമാകും. ലോണുകൾക്ക് മൊറട്ടോറിയം ഉണ്ടെങ്കിലും നിലവിലെ സംരംഭങ്ങൾ പൂർവ്വസ്ഥിതിയിലാകാതെ സംരംഭക മേഖലകളെ തിരികെ കൊണ്ടു വരാൻ സാധിക്കുകയില്ല. ഈ ഇനത്തിൽ കൂടുതൽ ഫണ്ട് അനുവദിക്കേണ്ടതാണ്.

- ♦ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം മഴക്കാല പൂർവ്വ ശുചീകരണവും കുടുംബശ്രീക്ക് വാർഡ് തലങ്ങളിൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഏറ്റെടുക്കണം.

- ♦ സ്വയം പര്യാപ്തതയിലേക്ക് ലക്ഷ്യം വച്ച് കൊണ്ടുള്ള സുഭിക്ഷ കേരളം പദ്ധതി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്ന വിഭാഗമാണ് കുടുംബശ്രീ പ്രവർത്തകർ. എല്ലാ അയൽകൂട്ടങ്ങളുടെയും നേതൃത്വത്തിൽ കൃഷി ആരംഭിക്കാൻ സാധിക്കണം. ഈ ജനകീയ പദ്ധതിയുടെ ഭാഗമായി തന്നെ ശീതീകരണ സൗകര്യങ്ങളും കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ചുള്ള സംസ്കരണ സ്ഥാപനവും കുടുംബശ്രീ സംരംഭകയൂണിറ്റായി പഞ്ചായത്ത് തലത്തിൽ ഒന്ന് എന്ന രീതിയിലെങ്കിലും ആരംഭിക്കണം.

- ♦ ഡിജിറ്റൽ പ്ലാറ്റ് ഫോമിലേക്ക് മാറാനുള്ള ഏറ്റവും അനുകൂല സാഹചര്യമാണിത്. കോവിഡ് പശ്ചാത്തലത്തിൽ ആശയ പ്രചാരണത്തിനായി നാം സമൂഹ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിച്ചു. തുടർന്നു ഈ സംവിധാനങ്ങൾ തുടർന്നും ഉപയോഗിക്കാൻ നമുക്ക് സാധിക്കണം.

ഇനിയുമേറെ കരുതലോടെ നീങ്ങിയാലെ കോവിഡിനെപ്പോലെയുള്ള മഹാമാരികൾക്കെതിരെയുള്ള യുദ്ധം നമുക്ക് ജയിക്കാനാകൂ. ഈ യുദ്ധത്തിൽ മുന്നണിപ്പോരാളികളായി പ്രവർത്തിക്കുന്ന നൂറുകണക്കിന് മനുഷ്യർക്ക് നാം നൽകുന്ന പിന്തുണ ശക്തമാക്കിക്കൊണ്ട് പോരാട്ടം നമുക്ക് തുടരാം.


**ദീപ**
ചെയർപേഴ്സൺ
അളഗപ്പ നഗർ കുടുംബശ്രീ
86056553521

**വിഷ്ണു പി.എൻ**
NRLM BLOCK Co-ordinator
കൊടകര ബ്ലോക്ക്
9745959741